(ബി) ഉപഭോക്തൃസംരക്ഷണ നിയമത്തിൽ കൺസ്യൂമർ സംഘടനകളുടെ പങ്ക് വ്യക്തമായി നിർവചിച്ചിട്ടില്ല. എന്നാൽ ഉപഭോക്തൃസംരക്ഷണ നിയമത്തിലെയും ചട്ടങ്ങളിലെയും ചില പരാമർശങ്ങളിൽനിന്നും ഉപഭോക്തൃസംരക്ഷണ പ്രവർത്തനങ്ങളാണ് കൺസ്യൂമർ സംഘടനകളുടെ പങ്ക് എന്നു പറയാം.

(സി)—(എഫ്) വിവരം ഉടനെ ശേഖരിച്ചു നൽകുന്നതാണ്.

ഗൈഡ്ലൈൻസ് അനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതിന് നടപടി

67 [2817] *ശ്രീ. യു. സി. രാമൻ:*
,, *പി. കെ. കെ. ബാവ:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന സ്റ്റോറുകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ഗൈഡ്ലൈൻ നൽകിയിട്ടുണ്ടോ;

(ബി) സാധനങ്ങൾ വാങ്ങുമ്പോഴും ഈ ഗൈഡ്ലൈൻ അനുസരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാരെ എന്തെല്ലാം നടപടിക്ക് വിധേയരാകേണ്ടിവരും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമയാസമയങ്ങളിൽ ഡിപ്പോയിലേക്കും മറ്റു ജീവനക്കാർക്കും സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ അതത് സമയങ്ങളിൽ വീഴ്ചയുടെ ഗൗരവം അനുസരിച്ച് ആവശ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കും.

ടെണ്ടർ നിബന്ധനപ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാത്ത സപ്ലൈയർമാർ

68 [2818] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടർ നിബന്ധനകൾ അനുസരിച്ചുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തതിന് ഈ സർക്കാർ നിലവിൽ വന്നശേഷം 2005 ജൂൺ 30 വരെ ജാമ്യമില്ലാത്ത വകുപ്പുകൾപ്രകാരം കേസുകൾ എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഏത് സപ്ലൈയറുടെ പേരിലാണെന്നും പ്രസ്തുത സപ്ലൈയർ സിവിൽ സപ്ലൈസിന്റെ സി.എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ നേരത്തെ എന്തെങ്കിലും പരാതി നൽകിയിട്ടുള്ള ആളാണോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ

69 [2819] *ശ്രീ കെ. പി. മോഹനൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി താലൂക്കിൽ പാനൂർ മാവേലി സ്റ്റോർ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാടകയിനത്തിൽ എത്ര കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-6-2005 വരെ 29,354 രൂപ കുടിശ്ശികയുണ്ട്.

(സി) മരണപ്പെട്ട കെട്ടിട ഉടമയുടെ അനന്തരാവകാശികൾ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ഉടമ്പടിപത്രം ഒപ്പുവയ്ക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

നെല്ല് സംഭരണം ദുരുപയോഗം ചെയ്യുന്ന രജിസ്ട്രേഡ് സംഘങ്ങളും മില്ലുകളും

70 [2820] *ശ്രീ. എ. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly